ഉത്തരം

(എ) സംസ്ഥാനത്ത് കുരുമുളക് കൃഷിയുടെ വികസനവും ഉൽപ്പാദനശേഷിയും കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) കുരുമുളക് നെഴ്സറികളുടെ വികസനത്തിനായി ഒരു സംസ്ഥാനാവിഷ്കൃതപദ്ധതിയും കുരുമുളകുകൃഷിക്കുള്ള പാക്കേജ് പദ്ധതിയിൽപ്പെടുത്തി സങ്കരവർഗ്ഗത്തിൽപ്പെട്ട പന്നിയൂർ I കുരുമുളകിനത്തിന്റെ , ത്വരിതഗതിയിലുള്ള വർദ്ധനവും വിതരണവും ലാക്കാക്കിയുള്ള ഉൽപ്പാദനകേന്ദ്രങ്ങൾക്കുമായി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പിലുണ്ട്. കൂടാതെ ലോക ബാങ്കിന്റെ ധനസഹായത്തോടെ പ്രാവർത്തികമാക്കാവുന്ന സമഗ്രമായ ഒരു കുരുമുളകുകൃഷി വികസനപദ്ധതി, സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) മുകളിൽ പറഞ്ഞിട്ടുള്ള കേന്ദ്രാവിഷ്കൃതപദ്ധതികളും കേന്ദ്ര ഗവൺമെന്റിന്റെ മുഴുവൻ സഹായത്തോടെ നടത്തപ്പെടുന്നവയാണ്.

സ്റ്റീൽ ഇൻഡസ്ട്രീസ് ഓഫ് കേരളാ ലിമിറ്റഡ്

197. [198] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സഭയം മറുപടി നൽകുമോ :

(എ) സ്റ്റീൽ ഇൻഡസ്ട്രീസ് ഓഫ് കേരളാ ലിമിറ്റഡിന്റെ നേതൃത്വത്തിൽ, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫോർജിങ്ങ് & യൂണിറ്റ് സ്തംഭനത്തിലായെന്ന വാർത്ത ശരിയാണോ ;

(ബി) അതിന്റെ സത്യാവസ്ഥ എന്താണ് ?

ഉത്തരം

(എ) ശരിയല്ല.

(ബി) ഫോർജിങ്ങ് യൂണിറ്റിന്റെ പ്രോജക്ട് റിപ്പോർട്ടിലെ വസ്തുതകൾ സർക്കാർ സജീവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ധാതുനിക്ഷേപ സർവ്വേ

198. [200] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ധാതുനിക്ഷേപ സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഈ സർവ്വേക്ക് വിധേയമാകുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ മൈനിംഗ് ജിയോളജി ഡിപ്പാർട്ട്മെന്റ് താഴെ പറയുന്ന ജില്ലകളിൽ ധാതു ഗവേഷണങ്ങൾ നടത്താനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ല	ധാതുനിക്ഷേപം
പൊൻമുടി, ബോണക്കാട് പ്രദേശങ്ങൾ	ജെംസ് റോൺസ്
ആക്കുളം, അമരവിള	ക്ലേ
കൊല്ലം ജില്ല	
കുണ്ടറ, പേരയം, മുളവന, ഇത്തിക്കര	ക്ലേ
കോട്ടയം ജില്ല	
വാഴൂർ, ചിറക്കടവ്	ഗ്രാഫൈറ്റ്
വേമ്പനാട് കായൽപ്രദേശം	ലൈംഷെൽ
ആലപ്പുഴ ജില്ല	
വേമ്പനാട് കായൽപ്രദേശങ്ങൾ	ലൈംഷെൽ
ചേർത്തല താലൂക്കിലെ പള്ളിപ്പുറം, പാണാവള്ളി	ഗ്ലാസ് സാൻഡ്
തൃശ്ശൂർ ജില്ല	
മുകുന്ദപുരം താലൂക്കിൽ കൊടുങ്ങല്ലൂരിനും ചാവക്കാടിനുമിടക്കുള്ള കടലോരപ്രദേശങ്ങൾ	ലൈംഷെൽ
പാലക്കാട് ജില്ല	
ചിറ്റൂർ പ്രദേശം, പണ്ടാരേത്ത്	ലൈം സ്റ്റോൺ, ക്ലേ
മുള്ളി, അട്ടപ്പാടി	മാഗ്നസൈറ്റ് കാർട്സ്
കോഴിക്കോട് ജില്ല	
എലിയേറ്റിമല, നന്മിണ്ട, നടുവള്ളൂർ	ഇരുമ്പയിര്
കണ്ണൂർ ജില്ല	
തൃക്കരിപ്പൂർ, കുഞ്ഞിമംഗലം, കാഞ്ഞങ്ങാട്, തളിപ്പറമ്പ്	ലൈംഷെൽ

റിഫ്രാക്ടറി ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ

199. [20] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഒരു റിഫ്രാക്ടറി ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എർപ്പാടുകൾ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ, ബി) ചാലക്കുടി പോട്ടറീസ് ലിമിറ്റഡ് കമ്പനിയിൽ റിഫ്രാക്ടറിയുടെ വികസനത്തിനും നവീകരണത്തിനും വേണ്ടി കേരള സംസ്ഥാന വ്യവസായ വികസനകോർപ്പറേഷൻ തയ്യാറാക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രോജക്ട് അനുസരിച്ചുള്ള പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനും പുറമേ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ റഷ്യയിലെ പ്രോസ്തിയാർജ് ജിച്ച ഒരു കമ്പനിയുമായി കേരളത്തിൽ ഒരു റിഫ്രാക്ടറി സ്ഥാപിക്കാൻ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യത്തിൽ വേണ്ട നടപടികൾ എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly